**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4835** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) |

**ചോദ്യം (എ)** മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ;

**ഉത്തരം (എ)** മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനായി ഫിഷറീസ് വകുപ്പിന് ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, വിധവ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി പ്രതിമാസം സമർപ്പിക്കുന്ന പ്രൊപ്പോസൽ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പ് നേരിട്ട് മത്സ്യബോർഡിന്റെ തൃശ്ശൂർ സബ് ട്രഷറിയിലുള്ള STSB അക്കൗണ്ടിലേക്ക് തുക അനുവദിച്ച് വരികയാണ് ചെയ്യുന്നത്.

നടപ്പ് സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും വിധവകൾക്കുമായി പെൻഷൻ ഇനത്തിൽ 15454.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ച് മത്സ്യബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ചോദ്യം (ബി)** മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**ഉത്തരം (ബി)** ഓരോ വർഷവും പെൻഷൻ തുക അനുവദിക്കുന്ന മുറയ്ക്ക് സേവന സോഫ്റ്റ്‌വെയർ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നത്. മുൻ സർക്കാരിന്റെ കാലം മുതൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിട്ടുണ്ട്.

| ക്രമ നം, | വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | 2016-17 | 61,28,33,300 | 48,76,38,200 |
| 2 | 2017-18 | 70,75,80,425 | 70,04,31,675 |
| 3 | 2018-19 | 84,66,88,745 | 84,03,68,045 |
| 4 | 2019-20 | 86,81,14,800 | 85,46,58,705 |
| 5 | 2020-21 | 1,41,84,08,000 | 1,41,69,88,950 |

| | | | | | |
|---|---|---|---|---|---|
| | | | 6 | 2021-22 | 1,06,43,92,000 | 1,05,84,96,000 |
| | | | 7 | 2022-23 | 1,09,04,72,000 | 97,34,28,800 |
| | | | | **ആകെ** | **6,60,84,89,270** | **6,33,20,10,375** |

സെക്ഷൻ ഓഫീസർ